<u>ലോക പരിസ്ഥിതി ദിനത്തിൽ ഫലവൃക്ഷ തൈകൾ നട്ടു</u>



ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി എറണാകുളം റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്ത് ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് ഫലവൃക്ഷ തൈകൾ നട്ടു. തുടർന്ന് അഡീഷണൽ എസ്.പി. എസ്.മധുസൂദനൻ, സെപ്ഷൽ ബ്രാഞ്ച് ഡി.വൈ. എസ്.പി എം.ജി.സാബു തുടങ്ങിയവരും പങ്കാളികളായി. ജില്ലാ പോലീസ് ആസ്ഥാനത്തിനു പുറമേ റൂറൽ ജില്ലയിലെ മുപ്പത്തിനാല് പോലിസ് സ്റ്റേഷനുകളിലും, സ്പെഷ്യൽ യൂണിറ്റുകളിലും, ആംഡ് റിസർവ്വ് ക്യാമ്പിലും, കോർട്ടേഴ്സ് പരിസരങ്ങളിലും പോലീസ് ഉദ്യോഗസ്ഥർ ഫലവൃക്ഷത്തൈകൾ നട്ടു. പരിസ്ഥിതി ദിനത്തിൽ റൂറൽ ജില്ലയിൽ പോലീസുദ്യോഗസ്ഥർ ആയിരത്തോളം ഫലവൃക്ഷ തൈകളാണ് നട്ടത്. വൃക്ഷങ്ങൾ നടുന്നതിലൂടെ ഭൂമിയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥയും അതുവഴി ആരോഗ്യകരമായ ഒരു ആവാസവ്യവസ്ഥയും സൃഷ്ടിക്കപ്പെടുന്നു. ഇത് മനുഷ്യരിൽ രോഗങ്ങളുടെ അപകടസാധ്യത കുറയ്ക്കുവാൻ സഹായിക്കുകയും ചെയ്യുന്നുവെന്ന് ദിനാചരണം സംബന്ധിച്ച സന്ദേശത്തിൽ എസ്.പി പറഞ്ഞു.